**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയും ലുലു കൺവെൻഷൻ സെന്റർ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള ഭൂമിയും പരസ്പരം കൈമാറുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(കൈ) നം. 170/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 14.11.2018

പരാമർശം :- 1. കോഴിക്കോട് നഗരസഭാ കൗൺസിലിന്റെ 10.08.2015 ലെ 34-ാം നമ്പർ തീരുമാനം.

2. നഗരകാര്യ ഡയറക്ടറുടെ 02.02.2016 ലെ ജി3-18800/15 നമ്പർ കത്ത്.
3. ഡയറക്ടർ, ലുലു കൺവെൻഷൻ സെന്റർ കാലിക്കട്ട് (പ്രൈ) ലിമിറ്റഡ് 03.01.2017 ൽ സമർപ്പിച്ച അപേക്ഷ.
4. കോഴിക്കോട് ജില്ലാ കളക്ടറുടെ 28.03.2018 ലെ DCKKD/9912/2017- B3 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ല, കോഴിക്കോട് താലൂക്ക്, വളയനാട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്റർ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള വസ്തുവിന് ഉള്ളിലായി സ്ഥിതി ചെയ്യുന്നതും, കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതുമായ, ടി.എസ്. നമ്പർ 289-ൽ പെട്ട 13 സെന്റ് ചെറിയ തോടിന്റെ ഭാഗവും ടി.എസ്. നമ്പർ 284 ൽ പെട്ട 6 സെന്റ് വഴിയും ചേർത്ത് 19 സെന്റ് പുറമ്പോക്ക് ഭൂമിയും, ലുലു കൺവെൻഷൻ സെന്റർ ഡയറക്ടറുടെ ഉടമസ്ഥതയിൽ കോഴിക്കോട് താലൂക്ക്, നെല്ലിക്കോട് വില്ലേജിൽ മൈലംപാടി ഒല്ലൂർ ക്ഷേത്ര റോഡിനോട് ചേർന്ന് കിടക്കുന്ന, റീസർവ്വെ നമ്പർ 112 ലെ 204.46 ച.മീ. വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടത്തോടു കൂടിയ 26.19 സെന്റ് ഭൂമിയും പരസ്പരം കൈമാറ്റം ചെയ്യുന്നതിന് കോഴിക്കോട് നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊണ്ട് സർക്കാർ അനുമതിയ്ക്കായി നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ലുലു മാളിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലേയ്ക്ക് സമീപ പ്രദേശത്തുനിന്നും ഒഴുകിയെത്തുന്ന മഴവെള്ളം പ്രദേശവാസികൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാവാതെ നിലവിലുള്ള തോടിലേയ്ക്ക് ഒഴുകി പോകുവാനുള്ള ഡ്രൈനേജ് സംവിധാനം ടി സ്ഥാപനത്തിന്റെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നഗരസഭയുടെ മേൽനോട്ടത്തിൽ നിർമ്മിച്ച് നൽകേണ്ടതാണെന്ന നിബന്ധനയോടെയാണ് പ്രസ്തുത ഭൂമികൈമാറ്റത്തിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത്.

3. കോഴിക്കോട് നഗരസഭാ കൗൺസിലിന്റെ മേൽ തീരുമാനം അംഗീകരിച്ച് പ്രസ്തുത വസ്തു കൈമാറ്റത്തിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ലുലു കൺവെൻഷൻ സെന്റർ കാലിക്കട്ട് (പ്രൈ) ലിമിറ്റഡ് ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4. കോഴിക്കോട് താലൂക്ക്, വളയനാട് വില്ലേജിലെ ടി.എസ്. നമ്പർ 24-8-284, ടി.എസ്. നമ്പർ 24-8-289 എന്നിവയിൽ പെട്ട 19 സെന്റ് നികുതി കെട്ടാത്ത ഭൂമിക്ക് 70,92,890/- രൂപയും (എഴുപത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) കോഴിക്കോട് താലൂക്ക്, നെല്ലിക്കോട് വില്ലേജിലെ റീസർവ്വെ നമ്പർ 112 ൽപ്പെട്ടതും ലുലു കൺവെൻഷൻ സെന്റർ ഡയറക്ടർ ശ്രീ. പക്കർ കോയയുടെ ഉടമസ്ഥതയിലുള്ളതുമായ 26.19 സെന്റ് ഭൂമിയും അതിൽ സ്ഥിതിചെയ്യുന്ന ഇരുനില കോൺക്രീറ്റ് കെട്ടിടവും ഉൾപ്പെടെ 86,31,312/- രൂപയും (എൺപത്തിയാറ് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) കമ്പോള വില നിശ്ചയിക്കാവുന്നതാണ് എന്ന് പരാമർശം (4) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി.

5. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 207 , 208 എ വകുപ്പുകൾ പ്രകാരം കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ള കോഴിക്കോട് താലൂക്ക്, വളയനാട് വില്ലേജിലെ ടി.എസ്. നമ്പർ 24-8-284 ൽ പെട്ട 6 സെന്റ് വഴി പുറമ്പോക്കും ടി.എസ്. നമ്പർ 24-8-289 ൽ പെട്ട 13 സെന്റ് തോട് പുറമ്പോക്കും ചേർത്ത് 19 സെന്റ് പുറമ്പോക്ക് ഭൂമി 207(2), 208 എ (3) വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസ്തുത ആക്ടിന്റെ പ്രവർത്തനപരിധിയിൽ നിന്നും ഒഴിവാക്കിയ ശേഷം റവന്യൂ വകുപ്പ് മുഖേന ലുലു കൺവെൻഷൻ സെന്ററിന് കൈമാറുന്നതിന് തീരുമാനം കൈക്കൊണ്ടു. ആയതിന് പകരമായി, കോഴിക്കോട് താലൂക്ക്, നെല്ലിക്കോട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്റർ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള, റീസർവ്വെ നമ്പർ 112 ലെ 204.46 ച.മീ. വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടത്തോടു കൂടിയ 26.19 സെന്റ് വസ്തു സ്വീകരിക്കുന്നതിന് കോഴിക്കോട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

6. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 207(2), 208 എ (3) വകുപ്പുകൾ പ്രകാരം ഗസറ്റ് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിനായി, ടി.എസ്. നമ്പർ 24-8-284 ൽ പെട്ട 6 സെന്റ് വഴി പുറമ്പോക്ക് ഭൂമിയുടേയും ടി.എസ്. നമ്പർ 24-8-289 ൽ പെട്ട 13 സെന്റ് തോട് പുറമ്പോക്ക് ഭൂമിയുടേയും അതിരുകൾ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ കോഴിക്കോട് നഗരസഭാ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ. ജോസ്**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കോഴിക്കോട് നഗരസഭ.

ഡയറക്ടർ, ലുലു കൺവെൻഷൻ സെന്റർ കാലിക്കറ്റ് (പ്രൈ) ലിമിറ്റഡ്, 24/826A, മാങ്കാവ് പി.ഒ., പി. ബി. നമ്പർ 1240, കോഴിക്കോട്- 673007.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എൽ.ബി.എ. / എ & ഇ) , തിരുവനന്തപുരം.

ലാന്റ് റവന്യു കമ്മീഷണർ , തിരുവനന്തപുരം.

ജില്ലാ കളക്ടർ , കോഴിക്കോട്.

നിയമ (ഒപ്പീനിയൻ - ഡി) വകുപ്പ് [ 22/03/2016 ലെ 6855/ഒപ്പീനിയൻ-ഡി3/16/നിയമം നമ്പർ കുറിപ്പ് പ്രകാരം ].

റവന്യൂ (എൽ) വകുപ്പ് [31/08/2016 ലെ 35594/എൽ2/15/റവ നം. കുറിപ്പ് പ്രകാരം].

പൊതുഭരണ (എസ്.സി.) വകുപ്പ് [14/06/17 ലെ 731-ാം നമ്പർ തീരുമാനം പ്രകാരം ].

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വെബ് & ന്യൂ മീഡിയ - ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ